# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

F3-10800/2018 തിയതി 23.06.2018

## സർക്കുലർ നമ്പർ 19 / 2018-19

വിഷയം-: കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- ജീവനക്കാരുടെ പേഴ്സണൽ ലോൺ 40,000/- രൂപയിൽ നിന്ന് 80,000/- രൂപയായി വർദ്ധിപ്പിച്ചത് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന- 1. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ കുറിപ്പ് ഖണ്ഡിക 9.
2. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് –എംപ്ലോയിസ് പേഴ്സണൽ ലോൺ പ്ലാൻ 2002 ഖണ്ഡിക 7(d).

കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിലെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ കുറിപ്പ് ഖണ്ഡിക 9 പ്രകാരം സ്ഥിരം ജീവനക്കാരുടെ വ്യക്തിഗത വായ്പ 40,000/- രൂപയിൽ നിന്ന് 80,000/- രൂപയായി വർദ്ധിപ്പിക്കുകയും പലിശ നിരക്ക് 10% എന്നത് 8% ആയി ഭേദഗതി വരുത്തുന്നതിന് പ്രപ്പോസൽ വയ്ക്കുകയും ആയത് അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് (എംപ്ലോയിസ് പേഴ്സണൽ ലോൺ) പ്ലാൻ 2002 5(b) യിലെ വ്യക്തിഗത വായ്പ 40,000/- രൂപ എന്നത് (നാല്പതിനായിരം രൂപ ) 80,000/- രൂപയായി (എൺപതിനായിരം രൂപ) വർദ്ധിപ്പിച്ചുകൊണ്ടും, 5 (c)യിൽ 10% പലിശ എന്നത് 8% ആയി കുറച്ചുകൊണ്ടും ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകുന്നു. പ്ലാനിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

ഈ സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും ഉപകാര്യാലയങ്ങളിലും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്
എല്ലാ ജില്ലാ കമ്മിറ്റികളിലേയും ചെയർമാൻമാർ

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്